# Desabhimani

## 19 July 2018

## Palluruthy, Cause of Flood, Pre-monsoon Cleaning

# വെള്ളക്കെട്ടിനിടയാക്കിയത് മഴക്കാലപൂർവശുചീകരണം നടക്കാത്തതിനാലെന്ന് നാട്ടുകാർ

**പള്ളുരുത്തി**

കോർപറേഷന്റെ മഴക്കാല പൂർവ ശുചീകരണം നിലച്ചതാണ് പള്ളുരുത്തിയിൽ വെള്ളപ്പൊക്കത്തിനു കാരണമെന്ന് നാട്ടുകാർ. കഴിഞ്ഞ ദിവസങ്ങളിലുണ്ടായ മഴയിൽ പള്ളുരുത്തിയിലെ വിവിധ പ്രദേശങ്ങൾ വെള്ളത്തിനടിയിലായി. വീടിനകത്ത് വെള്ളംകയറിയ നൂറോളം കുടുംബങ്ങളെ ദുരിതാശ്വാസ ക്യാമ്പിലേക്ക് മാറ്റി. കച്ചേരിപ്പടി കമ്യൂണിറ്റി ഹാളിലാണ് ക്യാമ്പ് ആരംഭിച്ചത്. മുൻകാലങ്ങളിൽ പള്ളുരുത്തിയിൽ ഇത്തരത്തിൽ വെള്ളക്കെട്ട് ഉണ്ടായിട്ടില്ലെന്ന് നാട്ടുകാർ പറഞ്ഞു.

പള്ളുരുത്തി കച്ചേരിപ്പടി, കോണം, കൊവേന്ത പ്രദേശങ്ങളിലെ ആയിരത്തിലേറെ വീടുകളിൽ വെള്ളം കയറി. കുമ്പളങ്ങിവഴി പെരുമ്പടപ്പ് പിഡബ്ല്യുഡി റോഡിലെ വെള്ളക്കെട്ട് ഗതാഗതതടസ്സം ഉണ്ടാക്കി. ഒട്ടുമിക്ക ചെറുറോഡുകളും വെള്ളത്തിനടിയിലാണ്. പാത്രങ്ങളും മറ്റു വീട്ടുപകരണങ്ങളും ഒഴുകിപ്പോയി. കടേഭാഗത്ത് ബി പി ശ്യാംകുമാറിന്റെ വീട്ടിൽ സൂക്ഷിച്ച മൈക്ക്സെറ്റ് ഉപകരണങ്ങൾ വെള്ളംകയറി ലക്ഷങ്ങളുടെ നഷ്ടം സംഭവിച്ചു. തിങ്കളാഴ്ച രാവിലെമുതൽ മഴ കുറവുണ്ടെങ്കിലും വെള്ളക്കെട്ടിന് കുറവില്ല. കാനകൾ വൃത്തിയാക്കാത്തതുമൂലം മഴവെള്ളം ഒഴുകിപ്പോകാത്തതാണ് കാരണം.

അടിയന്തരമായി കാനകൾ കോരി വെള്ളക്കെട്ട് ഒഴിവാക്കണമെന്ന് സിപിഐ എം പള്ളുരുത്തി സൗത്ത് ലോക്കൽ കമ്മിറ്റി ആവശ്യപ്പെട്ടു.